## 17

സ്തുതി ചെയ്‌ മനമേ നിത്യവും നിൻ ജീവനാഥനേശുവേ
ഇതുപോൽ സ്വജീവൻ തന്നൊരാത്മ സ്നേഹിതൻ വേറാരിനി?

1 മരണാധികാരിയായിരുന്ന ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യു ഭീതി തീർത്ത നാഥനെ -

2 ബഹുമാന്യനാമാചാര്യനായി വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ ചേർത്തുകൊള്ളുമാകയാൽ -

3 ദിനവും മനമേ തൽസമയം വൻ കൃപകൾ പ്രാപിപ്പാൻ
അതിധൈര്യമായ്‌ കൃപാസനത്തിന്നന്തികത്തിൽ ചെന്നു നീ -

4 ബഹുദൂതരുച്ച നാദമോടെ വാഴ്ത്തിടുന്ന നാഥനെ
ബലവും ധനവും ജ്ഞാനമെല്ലാം സ്വീകരിപ്പാൻ യോഗ്യനെ -

**M.E.C.**